പേരാമ്പ്ര മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക

111 [1664] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2005 ജൂൺ 30 വരെ അനുവദിച്ച സംഖ്യയിൽ, പേരാമ്പ്ര മണ്ഡലത്തിൽ എത്ര പേർക്ക് നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ പേരു വിവരം വെളിപ്പെടുത്താമോ;

(സി) അനുവദിച്ച സംഖ്യ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ;

(ഡി) സംഖ്യ നൽകാതിരിക്കുന്നതിന്റെ കാരണം അറിയിക്കാമോ?

ഉത്തരം

(എ) & (ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമല്ല. എന്നാൽ പേരാമ്പ്ര ഉൾപ്പെടുന്ന കൊയിലാണ്ടി താലൂക്കിൽ 2005 ജൂൺ 30 വരെ ധനസഹായം അനുവദിച്ചതിൽ 38 പേർക്ക് ധനസഹായം നൽകുവാനുണ്ട്.

(സി) കാലതാമസം കൂടാതെ തുക നൽകുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണിടിച്ചിലിൽ മരിച്ച അശോകന്റെ കുടുംബാംഗങ്ങൾക്ക് ധനസഹായം

112 [1665] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാറഡുക്ക പഞ്ചായത്ത് സ്വദേശിയായിരുന്ന അശോകൻ 2005 മേയ് 18-ന് കരിവെള്ളൂർ പെരളത്ത് മണ്ണിടിഞ്ഞ് വീണ് മരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശോകന്റെ കുടുംബത്തിന് സർക്കാർ വാഗ്ദാനം ചെയ്ത ഒരു ലക്ഷം രൂപ ഇതുവരെ നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുക എന്ന് നൽകും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപ (അമ്പതിനായിരം രൂപ) മരണപ്പെട്ട അശോകന്റെ അടുത്ത ബന്ധുക്കൾക്ക് സാമ്പത്തിക സഹായമായി 20-5-2005-ന് നൽകിയിട്ടുണ്ട്.

വിജിലൻസ് കേസുകൾ

113 [1667] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പ് സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയുടെ ഫലമായി എത്ര അഴിമതി കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) അഴിമതി നടത്തിയതിന് വിജിലൻസ് പിടികൂടിയ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരെ കേസ് തീരുന്നതിന് മുൻപ് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുവെന്നും, അതിനുള്ള കാരണം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 18 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അന്വേഷണം നടന്നുവരുന്നു.

(സി) & (ഡി) ഉണ്ട്. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിന്റെ പേരിൽ സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം

114 [1670] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയുടെ ഭരണകാലത്ത് ആഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളെക്കുറിച്ച്, ആലപ്പുഴ വിജിലൻസ് വിഭാഗം നടത്തുന്ന അന്വേഷണം മൂന്ന് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) ഈ കേസിന്റെ അന്വേഷണം എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.